വർദ്ധിപ്പിച്ച കെട്ടിട നികുതി

316 (†1742) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർദ്ധിപ്പിച്ച കെട്ടിട നികുതി മരവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

വാർഷിക വാടക മൂല്യത്തിലുള്ള നികുതി നിർണ്ണയത്തിന് പകരം കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം (പ്ലിന്ത് ഏരിയ) അടിസ്ഥാനമാക്കി വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 14-1-2011-ലെ സ.ഉ.(അ) നമ്പർ 8/2011/തസ്വഭവ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതോടൊപ്പം ഓരോ വിഭാഗത്തിലുംപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിശ്ചയിച്ച് 14-1-2011-ലെ സ.ഉ.(അ) നമ്പർ 17/2011/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്ത നികുതി നിരക്കുകൾ പ്രത്യേകിച്ചും ഗാർഹികേതര കെട്ടിടങ്ങളുടെ കാര്യത്തിൽ വളരെ കൂടുതലാണെന്ന പരാതികളെ തുടർന്ന് ഈ സർക്കാർ അധികാരമേറ്റ ശേഷം 2013-ൽ ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളിൽ അടിസ്ഥാന വസ്തു നികുതിയിൽ വർദ്ധനവ് വരുത്തുന്നതിനായി കണക്കാക്കിയിരുന്ന പല ഘടകങ്ങളും ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ വാർഷിക വാടക മൂല്യം അനുസരിച്ച് നികുതി നൽകുന്ന ഒരു ഗാർഹിക കെട്ടിടത്തിന്റെ കാര്യത്തിൽ നിലവിലെ നികുതി തുകയേക്കാൾ 60% അധികമാകാൻ പാടില്ല എന്നും വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ നിലവിലെ തുകയേക്കാൾ 150% അധികരിക്കാൻ പാടില്ല എന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്പോൾ നടപ്പാക്കിവരുന്ന വസ്തു നികുതി പരിഷ്കരണത്തെപ്പറ്റി നഗരസഭകളിൽ വ്യാപകമായ പരാതികളോ ആക്ഷേപങ്ങളോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റപ്പെട്ട പരാതികൾ അതിന്റെ സ്വഭാവം അനുസരിച്ച് പരിഹരിച്ചു വരുന്നുമുണ്ട്. നികുതി വർദ്ധനവ് താങ്ങാവുന്നതിലധികമാണെന്ന് ബോദ്ധ്യമാകുന്ന മേഖലകളിൽ സർക്കാർ ഇടപെടുന്നതാണ്. അതിനാൽ വസ്തു നികുതി പരിഷ്കരണ നടപടികൾ മരവിപ്പിക്കേണ്ട സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല.

---

†T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly